"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം.സി.ഡി.എൻ5/186/2024-പൊ.ഭ.വ
പൊതുഭരണ(ഏകോപനം) വകുപ്പ്
തിരുവനന്തപുരം,
തീയതി: 18-01-2025

## സർക്കുലർ

വിഷയം:- പൊതു ഭരണ വകുപ്പ് - ബഹു.സുപ്രീം കോടതി വിധി അനുസരിച്ച് സർക്കാരിനുകീഴിൽ വരുന്ന എല്ലാ വകുപ്പുകളിലും, സ്ഥാപനങ്ങളിലും RTI Online Portal ഒരു മാസത്തിനുള്ളിൽ നടപ്പിലാക്കുന്നതിനായുള്ള നിർദേശങ്ങൾ - പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) സ.ഉ.(കൈ) നം. 94/2023/പൊ.ഭ.വ തീയതി 19/06/2023.
2) സർക്കുലർ നം.സി.ഡി.എൻ 1/18/2023-പൊ.ഭ.വ തീയതി 19/04/2024.
3) സർക്കുലർ നം.സി.ഡി.എൻ1/18/2023-പൊ.ഭ.വ(പാർട്ട്-8) തീയതി 25/09/2024.
4) 21.10.2024 ലെ അർദ്ധ ഔദ്യോഗിക കത്ത് നമ്പർ സി .ഡി .എൻ 5 / 186 / 2024
5) സർക്കുലർ നം. സി.ഡി.എൻ1/18/2023-പൊ.ഭ.വ(പാർട്ട്-2) തീയതി 06/12/2024.
6) ചീഫ് സെക്രട്ടറി വകുപ്പ് സെക്രട്ടറിമാരുമായി നടത്തിയ 25/11/2024-ലെ മീറ്റിംഗിന്റെ നടപടി കുറിപ്പ്.

പ്രവാസി ലീഗൽ സെൽ ഫയൽ ചെയ്ത W P (C ) N o 1040 / 2019 ൽ ബഹു സുപ്രീം കോടതി 20-3-2023 ൽ പുറപ്പെടുവിച്ച ഉത്തരവ് പാലിച്ചു സംസ്ഥാനത്തു RTI Online Portal നടപ്പിലാക്കി പരാമർശം ഒന്ന് പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ടി ഉത്തരവ് പാലിച്ചു നിരവധി സ്ഥാപനങ്ങൾ വിവരാവകാശ അപേക്ഷകൾ ഓൺലൈനായി കൈകാര്യം ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്താതിരുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് പരാമർശം 4 പ്രകാരം കോടതി വിധി പാലിച്ചു RTI ഓൺലൈൻ പോർട്ടൽ സമയബന്ധിതമായി ഏർപ്പെടുത്താനും ഓൺലൈൻ സംവിധാനം ഏർപ്പെടുത്താത്ത സ്ഥാപനമേധാവികൾക്കെതിരെ കോടതി അലക്ഷ്യം മുൻനിർത്തി അച്ചടക്കനടപടി സ്വീകരിക്കുന്നതാണെന്നും അറിയിപ്പുനല്കിയിരുന്നു . തുടർന്ന് 8 -11 -2024 ൽ ചീഫ് സെക്രട്ടറി സെക്രട്ടറിമാരുമായി നടത്തിയ മീറ്റിംഗിൽ കോടതി വിധി പാലിച്ചു ഇ ഓഫീസുമായി ലിങ്ക് ചെയ്തിട്ടുള്ള RTI പോർട്ടൽ എല്ലാ ഓഫീസുകളും ഉപയോഗപ്പെടുത്താനും ഇ ഓഫീസ് ഇല്ലാത്ത സ്ഥാപനങ്ങളിൽ സ്വന്തമായി പോർട്ടൽ രൂപീകരിക്കാനും കോടതിവിധി പാലിക്കാത്ത സ്ഥാപനങ്ങളെ ലിസ്റ്റ് ചെയ്ത് കോടതിയുടെ ശ്രദ്ധയിൽ കൊണ്ടുവരാനും തീരുമാനിച്ചിരുന്നു.

2) വിവരാവകാശ നിയമം 2005 പ്രകാരം ഓൺലൈനായി വിവരാവകാശ അപേക്ഷകൾ സ്വീകരിക്കുവാനും മറുപടി നൽകുവാനുള്ള സൗകര്യം എല്ലാ വകുപ്പുകളും ഏർപ്പെടുത്തണം എന്ന് ബഹു.സുപ്രീം കോടതി വിധി പുറപ്പെടുവിച്ച് ഒരു വർഷത്തിലേറെ ആയിട്ടും ഓൺലൈൻ സൗകര്യം ഏതെങ്കിലും സ്ഥാപനം നടപ്പിലാക്കിയില്ല എങ്കിൽ ആ സ്ഥാപന മേധാവി കോടതി വിധിയുടെ

ലംഘനമാണ് നടത്തുന്നത്.

3) ബഹു.സുപ്രീം കോടതി വിധി ഇതുവരെയും പാലിക്കാത്ത എല്ലാ വകുപ്പുകളും/സ്ഥാപനങ്ങളും താഴെപ്പറയുന്ന പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് RTI Online Portal ഒരു മാസത്തിനുള്ളിൽ നടപ്പിലാക്കേണ്ടതാണ്.

1. ഇ-ഓഫീസ് വഴി ഫയൽ പ്രോസസ് ചെയ്യുന്ന എല്ലാ വകുപ്പുകൾക്കും RTI Online Portal നടപ്പിലാക്കുവാൻ നിർദ്ദേശം നൽകിയിരുന്ന പ്രകാരം ഇ-ഓഫീസ് നടപ്പിലാക്കിയ എല്ലാ വകുപ്പുകളിലും അതിനു കീഴിലുള്ള റീജിയണൽ/ജില്ലാ/സബ് ഓഫീസുകളിലും ഇതുവരെയും RTI Online Portal നടപ്പിലാക്കിയിട്ടില്ലായെങ്കിൽ ഒരു മാസത്തിനുള്ളിൽ ആയത് നടപ്പിലാക്കി വിവരം പൊതു ഭരണ (ഏകോപനം) വകുപ്പിനെ രേഖാമൂലം അറിയിക്കേണ്ടതാണ്.
2. ഇ-ഓഫീസ് വഴി അല്ലാതെ ഫയൽ പ്രോസസ് ചെയ്യുന്ന വകുപ്പുകളും/സ്ഥാപനങ്ങളും [കമ്പനി/ ബോർഡ് /കോർപ്പറേഷൻ, യൂണിവേഴ്സിറ്റി, ഭരണഘടന സ്ഥാപനങ്ങൾ, മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിങ്ങനെയുള്ള എല്ലാ സർക്കാർ സ്ഥാപനങ്ങളും] അവരുടേതായ സ്വന്തം നിലയിൽ തന്നെ RTI Online Portal ഒരു മാസത്തിനുള്ളിൽ നടപ്പിലാക്കി വിവരം പൊതു ഭരണ (ഏകോപനം) വകുപ്പിനെ അറിയിക്കേണ്ടതാണ്.
3. സെക്രട്ടറിയേറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള വകുപ്പുകളുടെ നിയന്ത്രണത്തിലുള്ള എല്ലാ വകുപ്പുകളിലും/ സ്ഥാപനങ്ങളിലും അതിനു കീഴിലുള്ള റീജിയണൽ/ജില്ലാ/സബ് ഓഫീസുകളിലും RTI Online Portal നടപ്പിലാക്കിയിട്ടുണ്ട് എന്ന് അതാത് വകുപ്പ് സെക്രട്ടറിമാർ ഉറപ്പുവരുത്തേണ്ടതും അത് നിരീക്ഷിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തേണ്ടതുമാണ് മേൽപ്പറഞ്ഞ എല്ലാ വകുപ്പുകളും/സ്ഥാപനങ്ങളും RTI Online Portal ഒരു മാസത്തിനുള്ളിൽ പ്രവർത്തനക്ഷമമാകാത്ത പക്ഷം ബന്ധപ്പെട്ട വകുപ്പ്/സ്ഥാപന മേധാവി കോടതി വിധിയുടെ ലംഘനമാണ് നടത്തുന്നത്. ഇത് സംബന്ധിച് ഉണ്ടാകുന്ന പ്രത്യാഘാതങ്ങളുടെ പൂർണ്ണമായ ഉത്തരവാദിത്തം പ്രസ്തുത വകുപ്പ്/സ്ഥാപന മേധാവിക്ക് മാത്രമായിരിക്കും.

ശാരദ മുരളീധരൻ ഐ എ എസ്
ചീഫ് സെക്രട്ടറി

സെക്രട്ടറിയേറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളിലെയും എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും
എല്ലാ വകുപ്പ് തലവന്മാർക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ യൂണിവേഴ്സിറ്റികൾക്കും
എല്ലാ പൊതുമേഖല സ്ഥാപന മേധാവികൾക്കും
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പിന്. (ഗവൺമെന്റ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.
പകർപ്പ്: ചീഫ് സെക്രട്ടറിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിക്ക്.

അംഗീകാരത്തോടെ
Signed by
Sabu T K
Date: 18-01-2025 12:01:29
സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

എല്ലാ വകുപ്പ് മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിയ്ക്ക്